# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി. 11/ 423/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി. 11/ 423/22 തീയ്യതി: 24/03/2022

## കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം. എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 14-02-2022 | 25-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-02-2022 | 25-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി പി ആർ, ഓഡിറ്റ് ഓഫീസർ
ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബാബുരാജ് കെ ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ എസ് രാജു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ഗിരിജ കുമാരി അയ്യപ്പൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റിയ ആന്റണി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. റോസ്മി കെ ബേബി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. പ്രശാന്ത് എ എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) ഇൻ ചാർജ് | 01-04-2019 | 31-03-2020 |
| ഡോ. ഫക്രുദ്ദീൻ എ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി. മറീന തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. സജികുമാർ എം എ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സൂസൻ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ. അജേഷ് വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 03-12-2019 |
| ശ്രീ. ജോബി സെബാസ്റ്റ്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04-12-2019 | 31-03-2020 |
| ശ്രീ. ലിയോ എൽ ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.ദിവ്യ ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ. രമേഷ് പി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnapriya.S (Auditor, On 22-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-1 |
| 2 | വാർഷികകണക്കുകളുടെ അവലോകനം<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saji P R (Audit Officer, On 20-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shanti George (Asst. Audit Officer, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Saji P R (Audit Officer, On 20-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: K.B.Baburaj (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 16-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Saji P R (Audit Officer, On 22-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 22-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-10 |
| 11 | പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ- തുടർനടപടി വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-11 |
| 12 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു<br>Written By: Krishnapriya.S (Auditor, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-13 |
| 14 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-14 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസും രജിസ്ട്രേഷനും ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-15 |
| 16 | പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-16 |
| 17 | വക്കീൽ ഫീസ്- അധിക തുക നൽകി | 1-17 |

| | | |
|---|---|---|
| | Written By: K.B.Baburaj (Auditor, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | |
| 18 | വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല<br>Written By: P B Shajimon (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-18 |
| 19 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച<br>Written By: Shanti George (Asst. Audit Officer, On 24-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-19 |
| 20 | ബാല സഭ നടത്തിപ്പിനായി നൽകിയ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു.<br>Written By: Shanti George (Asst. Audit Officer, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 1-20 |
| 21 | വീട് വാസയോഗ്യമാക്കൽ (എസ്.സി) പ്രോജക്ട് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-21 |
| 22 | പശുവളർത്തൽ പ്രോജക്ട്- അപാകതകൾ<br>Written By: P B Shajimon (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Krishnapriya.S (Auditor, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-8 |
| 9 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Krishnapriya.S (Auditor, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 23-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 12.02.2019 തീയതിയിലെ V/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് 12.02.2020 തീയതിയിലെ V/1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 59142701.00 | 71342835.06 |
| വരവ് | 341536589.00 | 126274285.00 |
| ആകെ | 400679290.00 | 197617120.06 |
| ചെലവ് | 367611452.00 | 136321010.00 |
| നീക്കിയിരിപ്പ് | 33067838.00 | 61296110.06 |

### 1-2 വാർഷികകണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 19.05.2020-ലെ ll(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 71342835.06 രൂപയും തൻവർഷ വരവ് 126274285.00 രൂപയും തൻവർഷ ചെലവ് 136321010.00 രൂപയും നീക്കിയിരിപ്പ് 61296110.06 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 182266849.00രൂപയും ആകെ ചെലവ് 171797422.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1.26/07/2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.

2.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം(Land) കണക്കാക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

3.വസ്തുനികുതിയുടെ വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4.ട്രേഡ്സ് തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നീയിനങ്ങളിൽ മുൻകൂറായി ലഭിച്ച തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പ്രസ്തുത ഇനങ്ങൾക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5.ട്രേയ്ഡേഴ്സ് തൊഴിൽ നികുതി, ഡി & ഓ ലൈസൻസ് ഫീസ്, വാടക എന്നീ അക്രുവൽ വരവുകളുടെ ഡിമാന്റ് രജിസ്റ്റർ പ്രകരമുള്ള കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

6.വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കുടിശികയിനത്തിൽ ലഭിക്കാനവശേഷിക്കുന്നതുമായ 431400101, 431400102 എന്നീ ശീർഷകങ്ങളിലെ തുകയുടെ കൃത്യത ലഭ്യമല്ല.

7.കുടിശിക തുകകൾ ലഭിക്കാനുള്ളതിന് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8.ബി 18 ഷെഡ്യൂളിലെ 460500202 ശീർഷകത്തിലുള്ള തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായവ ക്രമീകരിച്ചിട്ടില്ല.

9. സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ ആർ പി 7, ആർ പി 31 എന്നിവ പ്രകാരമുള്ള വരവ് തുക സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 71342835.06 |
| ഓഡിറ്റ് വർഷത്തെ വരവ് | 126274285.00 |
| ആകെ | 197617120.06 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 136321010.00 |
| നീക്കിയിരിപ്പ് | 61296110.06 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 221908 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24402523 | 24402523 | 21761719 | 2640804 | 89.17 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12735000 | 12735000 | 11881648 | 853352 | 93.29 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5928000 | 5928000 | 3021373 | 2906627 | 50.96 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13309000 | 13309000 | 7358656 | 5950344 | 55.29 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6851000 | 6851000 | 3104581 | 3746419 | 45.31 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 18654599 | 18654599 | 9484198 | 9170401 | 50.84 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 2660 | 33478627 | 33481287 | 33478112 | 3175 | 99.99 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 654069 | 1247583 | 1901652 | 1639401 | 262251 | 86.20 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1119356 | 0 | 1119356 | 710280 | 409076 | 63.45 |

വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി, എന്നിവയുടെ അലോട്ടുമെന്റുകളിൽ നിന്നും യഥാക്രമം 1691176 രൂപ, 352941 രൂപ, 14706 രൂപ എന്നിങ്ങനെ കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. എന്നാൽ പഞ്ചായത്തിൽ ടി തുകകൾ ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|

| | | |
|---|---|---|
| 451/20<br>സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 845588 | വികസനഫണ്ട് പൊതുവിഭാഗം |
| 457/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 845588 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1691176 | |
| 452/20<br>സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | 176471 | വികസനഫണ്ട് എസ്.സി.പി |
| 458/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | 176470 | വികസനഫണ്ട് എസ്.സി.പി |
| ആകെ | 352941 | |
| 453/20<br>സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) | 7353 | വികസനഫണ്ട് ടി.എസ്.പി |
| 459/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) | 7353 | വികസനഫണ്ട് ടി.എസ്.പി |
| ആകെ | 14706 | |

## 1-5 പദ്ധതി അവലോകനം

### പദ്ധതി അവലോകനം

2019-20 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ ഉടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ച് 15.01.2019 ൽ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 03.02.2019 മുതൽ 10.02.2019 തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസന സെമിനാർ നടന്നത് 12.03.2019ലാണ്. ഊരുകൂട്ടം 01.02.2020 മുതൽ 11.02.19വരെയും ചേർന്ന്

ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 13.03.2019 ലെ 22(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം ലഭിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 26.02.2020 ലെ 80898/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 430 | 24,05,45,026/- | 239 | 10,13,33,465/- | 191 | 55.58% |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടു കളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടു കളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 1690419 | 8 | 1439132 |
| വെറ്ററിനറി സർജൻ | 10 | 7223400 | 10 | 5756500 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 8597500 | 15 | 568414 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 2 | 1330295 | 2 | 946764 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 10,00,000 | 2 | 10,00,000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 2,00,000 | 1 | 2,00,000 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 92,76,902 | 9 | 78,45,600 |
| ഹെഡ് മാസ്ററർ | 4 | 5,55,000 | 2 | 3,12,437 |
| സെക്രട്ടറി | 47 | 1,24,39,420 | 29 | 64,51,991 |
| അസിസ്റ്റന്റ് എൻജിനീയർ | 304 | 9,45,01,203 | 143 | 3,88,45,296 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 8,50,000 | 1 | 8,50,000 |
| വി.ഇ.ഒ | 23 | 10,28,80,887 | 17 | 3,20,01,604 |
| ആകെ | 430 | 24,05,45,026 | 239 | 10,13,33,465 |

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷം 4843 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 21 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 222 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 222 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ

201 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 113594 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 376 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 320 അയൽക്കൂട്ടങ്ങളിൽ 284 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 1843 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, ഫലവൃക്ഷത്തൈ വെച്ചുപിടിപ്പിക്കലും സംരക്ഷണവും, കിണർ നിർമ്മാണം തോട് ആഴം കൂട്ടൽ എന്നീ പ്രവൃത്തികളും ആസ്തി സൃഷ്ടിക്കൽ പ്രവൃത്തികളായി ആട്ടിൻ കൂട്, തൊഴുത്ത്, കോഴിക്കൂട്, പട്ടുതാക്കുളം, അസോള ടാങ്ക്, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 2660 | 1035846 | 1038506 | 1035331 | 3175 |
| ഇ.എഫ്.എം.എസ്. | 0 | 32442781 | 32442781 | 32442781 | 0 |
| ആകെ | 2660 | 33478627 | 33481287 | 33478112 | 3175 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14760 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 1235400 | 153 |
| വിധവാപെൻഷൻ | 9866400 | 1262 |
| വാർദ്ധക്യകാലപെൻഷൻ | 24309900 | 2830 |
| വികലാംഗപെൻഷൻ | 3631900 | 444 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 454200 | 35 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |
| മിശ്രവിവാഹിതർക്കുള്ള ധനസഹായം | 50000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2022 തീയതി 3.15 പി. എം. ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 66334/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തുന്നത് സാംഖ്യാ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2) വരവിനങ്ങളുടെ രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.12.2019 | 11/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.09.2017 മുതൽ 22.09.2017 വരെ. | 2012-13 മുതൽ 2016-17 വരെ | LBA (HQ) I I/8A-2684/ 17-18/ 242 തീയതി 01.11.2017 |

## 1-11 പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ- തുടർനടപടി വിവരങ്ങൾ

ലേലം സംബന്ധിച്ചും തൊഴിൽ നികുതി/ ലൈസൻസ് സംബന്ധിച്ചും വിവിധ തീയതികളിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കമ്മിറ്റി തീയതി | തീരുമാന നം | തീരുമാനം |
|---|---|---|---|
| 1 | 10.04.19 | അജണ്ട 4/ തീരുമാനം 1 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് തീരുമാനിച്ചു |
| 2 | 03.05.19 | അജണ്ട9/തീരുമാനം 1 | പഞ്ചായത്ത് വക ടിപ്പർ ലോറി ലേലം ചെയ്തു നൽകുന്നതിന് തീരുമാനിച്ചു. |
| 3 | 21.05.19 | അജണ്ട5/തീരുമാനം 2 | 2 ാം വാർഡിൽ കല്ലേപ്പാലത്തിന് സമീപം 2 ആഞ്ഞിലി മരങ്ങൾ മുറിച്ച് കഷണങ്ങളാക്കിയിട്ടിരിക്കുന്നത് |

| | | | |
|---|---|---|---|
| | | | ലേലം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു |
| 4 | 27.06.19 | അജണ്ട5/തീരുമാനം 1 | 2018 ആഗസ്റ്റിലെ പ്രളയത്തിൽ ഒഴുക്കിൽ പെട്ട് ആറ്റുതീരത്തടിഞ്ഞിട്ടുള്ള തടികൾ കോസ്വേ ജംഗ്ഷനിൽ എത്തിക്കുന്നതിന് മത്സരാധിഷ്ഠിത ക്വൊട്ടേഷനുകൾ ക്ഷണിക്കുന്നതിന് തീരുമാനിച്ചു |
| 5 | 29.08.19 | അജണ്ട4/തീരുമാനം 19 | പൈങ്ങണയിലുള്ള മരങ്ങളുടെ പുനർലേല പരസ്യമിനത്തിൽ മാധ്യമം ദിനപത്രത്തിന് തുക അനുവദിക്കുന്നതിന് തീരുമാനിച്ചു. ടി മരങ്ങൾ ലേലം ചെയ്തിട്ടുണ്ടോ? |
| 6 | 29.08.19 | അജണ്ട16/തീരുമാനം 11 | 2 ാം നമ്പർ ഷോപ്പിംഗ് കോംപ്ലക്സിന്റെ ടെറസ്സ് പ്രതിമാസം 30000/- രൂപയ്ക്ക് വാടകയ്ക്ക് നൽകുന്നതിന് തീരുമാനിച്ചു |
| 7 | 30.09.19 | അജണ്ട4/ തീരുമാനം 21 | ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്ന കള്ളുഷാപ്പുകളെ തൊഴിൽക്കരത്തിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനും എല്ലാ ഷാപ്പുടമകളെ കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനും തീരുമാനിച്ചു |
| 8 | 30.09.19 | അജണ്ട4/ തീരുമാനം 24 | വെള്ളിലാവ് മരങ്ങൾ മുറിച്ച് കഷണങ്ങളാക്കിയത് ഫോറസ്റ്റി വിഭാഗത്തിന്റെ വാല്യുവേഷൻ അനുസരിച്ച് ലേലം ചെയ്യേണ്ടതാകയാൽ വാഹനഗതാഗതത്തിനും കാൽനട യാത്രയ്ക്കും തടസ്സമില്ലാതെ അടുക്കി വെച്ചിട്ടുള്ളത് ലേലം ചെയ്തു നൽകുന്നത് പരാമർശിച്ചിട്ടുണ്ട്. |

മേൽപ്പറഞ്ഞ കമ്മിറ്റി തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.13 തീയതി 24.02.22) ഗ്രാമ പഞ്ചായത്ത് ചുവടെ ചേർക്കും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

1) മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നു. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി. ഡബ്ലിയു. ഡി, മെക്കാനിക്കൽ ഡിവിഷൻ തിരുവനന്തപുരത്തുനിന്നും അൺ എക്കണോമിക് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. വാല്വേഷൻ ലഭിക്കുന്നതിനായി അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി. ഡബ്ലിയു. ഡി, മെക്കാനിക്കൽ ഡിവിഷൻ മാവേലിക്കര ഓഫീസിലേയ്ക്ക് അയച്ചിട്ടുണ്ട് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3 & 4) ടി ആഞ്ഞിലി മരങ്ങൾ മുറിച്ച് കഷണങ്ങൾ ആക്കിയിട്ടിരുന്നത് ലേലം ചെയ്യാനായി ആറ്റിൽ നിന്നും കയറ്റുന്നതിന് ജെ.സി.ബി യും മറ്റും ഉപയോഗിക്കേണ്ടതും അത്യധികം ചെലവ് വരുന്നതുമായിരുന്നു. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരവെ 2019 ലെ മഹാ പ്രളയത്തിൽ ടി തടികൾഒഴുകി പോയതിനാൽ ലേലം നടന്നില്ല. നടപടികൾ സ്വീകരിക്കുന്നതിലുള്ള കാലതാമസം മൂലം 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ ആറ്റുതീരത്തടിഞ്ഞ തടികൾ 2019 ലെ മഹാ പ്രളയത്തിൽ ഒഴുകി പോവുന്നതിന് കാരണമായി എന്ന് കാണുന്നു. ഭാവിയിൽ , കാലതാമസം ഉണ്ടാവാതെ സമയ ബന്ധിതമായി നടപടികൾ സ്വീകരിച്ച് വരുമാനനഷ്ടമുണ്ടാവുന്ന ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

5) നിരത ദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാൻ ആരും എത്താത്തതിനാൽ ലേലം നടന്നില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. വാല്യുവേഷൻ കുറവ് ചെയ്യുന്നതിന് കമ്മിറ്റി തീരുമാനമെടുത്ത് പുനർലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടിയിരുന്നുവെങ്കിലും സ്വീകരിച്ചിട്ടില്ല എന്ന് കാണുന്നു. ഭാവിയിൽ , കാലതാമസം ഉണ്ടാവാതെ സമയ ബന്ധിതമായി നടപടികൾ സ്വീകരിച്ച് വരുമാനനഷ്ടമുണ്ടാവുന്ന ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

6) 2ം നമ്പർ ഷോപ്പിംഗ് കോംപ്ലക്സിന്റെ ടെറസ്സ് ആവശ്യമായ മോഡിഫിക്കേഷനുകൾ വരുത്തിയശേഷം വാടകയ്ക്ക് നൽകുന്നതിനാണ് തീരുമാനിച്ചിരുന്നത്. ആയത് നടപ്പാക്കാത്തതിനാൽ വാടകയ്ക്ക് നൽകിയിട്ടില്ല. എന്നാൽ, മോഡിഫിക്കേഷൻ വരുത്തുന്ന കാര്യം കമ്മിറ്റി പരിഗണിച്ചതായി കാണുന്നില്ല. തീരുമാനങ്ങൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7) കള്ള് ഷാപ്പ് ഉടമകൾക്ക് ലൈസൻസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ച. മീ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40/-രൂപയും 100 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്ക് 50/- രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്കായി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ശ്രീ. തോമസ് ജോസഫ്, വടശ്ശേരിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 190.5 ച. മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള 5/130 A നമ്പർ കെട്ടിടത്തിന് 100 ച. മീറ്ററിനു താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 40/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

കെട്ടിടം സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയപ്പോൾ ഉണ്ടായ തെറ്റ് പരിഹരിക്കുകയും കെട്ടിടനികുതി പുനർനിർണ്ണയിച്ച് ഈടാക്കുകയും ചെയ്യുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് ( നം. 14 തീയതി 25.02.2022) മറുപടി ലഭിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്

(തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ന്യൂ ഇൻഡ്യാ കോളേജ് | 1,2 |
| 2 | ഇൻഫോടെക് കമ്പ്യൂട്ടർ അക്കാദമി | 1,2 |
| 3 | എം ഇ എസ് പബ്ലിക് സ്കൂൾ | 1,2 |
| 4 | എസ് എൻ പബ്ലിക് സ്കൂൾ | 1,2 |
| 5 | സാന്തോം കോളേജ് | 1,2 |
| 6 | ബി എസ് എം കോളേജ് | 1,2 |
| 7 | കല്യാൺ ജൂവലേഴ്സ് ഇന്ത്യ | 1 |
| 8 | മധുര മൈക്രോ ഫിനാൻസ് | 1 |
| 9 | ബി എസ് എൻ എൽ | 1,2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/21.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മുണ്ടക്കയം കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ | 1, 2 |
| 2 | യൂണിയൻ ബാങ്ക് | 2 |
| 3 | ഹെഡ്ജ് ഇക്വിറ്റീസ് | 2 |
| 4 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കണ്ണിമല, പൂഞ്ചവയൽ ബ്രാഞ്ച് | 2 |
| 5 | കല്ലൂർ ഇലക്ട്രോണിക് ആന്റ് ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 2 |
| 6 | എസ് എൻ പബ്ലിക് സ്കൂൾ | 1, 2 |
| 7 | സാന്തോം കോളേജ് | 1, 2 |
| 8 | പുളിങ്കുന്ന് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1, 2 |
| 9 | ജോസ്ന ഫിനാൻസിയേഴ്സ് | 2 |
| 10 | പുഞ്ചവയൽ ഗ്രാമീണ വനിതാ കോ- | 2 |

| | | |
|---|---|---|
| | ഓപ്പറേറ്റീവ് സൊസൈറ്റി | |
| 11 | സൂസൻസ് ഐ ക്ലിനിക് | 1 |
| 12 | ബജാജ് ഫിനാൻസ് | 2 |
| 13 | മധുര മൈക്രോ ഫിനാൻസ് ലിമിറ്റഡ് | 1 |
| 14 | കല്യാൺ ജൂവലേഴ്സ് ലിമിറ്റഡ് | 1 |
| 15 | പ്യൂപ്പിൾസ് ബസാർ | 1, 2 |
| 16 | ന്യൂ ഇൻഡ്യാ കോളേജ് | 1, 2 |
| 17 | ഇൻഫോടെക് കമ്പ്യൂട്ടർ | 1, 2 |
| 18 | ഡിഡിആർസി | 1, 2 |
| 19 | മുളമൂട്ടിൽ ഫിനാൻസ് | 1, 2 |
| 20 | ബി എസ് എം കോളേജ് മുണ്ടക്കയം | 1, 2 |
| 21 | ന്യൂ വിഷൻ ഐ ഹോസ്പിറ്റൽ | 1, 2 |
| 22 | ആർ ഡി ഇല്യുമിനേഷൻ | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/21.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക സഹിതം നികുതി ഈടാക്കേണ്ടതാണ്.

1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസും രജിസ്ട്രേഷനും ഇല്ലാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം -3ന് അനുബന്ധമായ 1-ാംപട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല.

1. മുണ്ടക്കയം പഞ്ചായത്ത് പരിധിയിൽ 2019-20 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു.

A. സംസ്കൃതി ആയുർവേദ ക്ലിനിക്

B. തോംസൺ ഡെൻറൽ ക്ലിനിക്

2. താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

A. വയലിൽ ഡെൻറൽ ക്ലിനിക്

B. ലൈഫ് കെയർ ഡയഗണോസ്റ്റിക്സ്

C. ആര്യ ഡിസ്പെൻസറി

D. സെന്റ് ജോർജ് ക്ലിനിക്കൽ ലാബോറട്ടറി

E. ജീവക ഹോമിയോപ്പതിക് മെഡിക്കൽ സെന്റർ

F. പി ജെ ഡെന്റൽ ക്ലിനിക്

G. ശ്രീവിലാസം വൈദ്യശാല

H. എസ് എൻ മെഡിലാബ്

I. ഡിഡിആർസി

J. ജെ ജെ ക്ലിനിക്

K. ന്യൂ വിഷൻ ഐ ഹോസ്പിറ്റൽ

L. ശാന്തിഗിരി തിരുമ്മുവൈദ്യശാല

M. പുഞ്ചവയൽ മെഡിക്കൽ ലാബോറട്ടറി

N. ഒറ്റലാങ്കൽ ഹോമിയോ ക്ലിനിക്

O. മീനച്ചിൽ നീതി ഡയഗണോസ്റ്റിക്സ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/21.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസും രജിസ്ട്രേഷനും ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ചട്ടലംഘനമായതിനാൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നിലനിൽക്കുന്നു

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ നിന്നുള്ള വാടകയിനത്തിൽ 2019-20 വർഷം താഴെപ്പറയും പ്രകാരം കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കുടിശ്ശിക മാസം | വാടക തുക | ജി എസ് റ്റി, ഫ്ലഡ് സെസ് എന്നിവ അടക്കമുള്ള ആകെ കുടിശ്ശിക തുക |
|---|---|---|---|---|
| 3 | III(5) | 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ | 3376 | 40512 |
| 4 | മിനി സ്റ്റോൾ 13 | 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ | 154 | 1848 |
| 5 | IV(2) | 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ | 10200 | 122400 |
| 6 | IV(5) | 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ | 7200 | 86400 |
| 7 | IV(11) | 2020 മാർച്ച് | 11200 | 11200 |
| 9 | IV(14) | 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ | 6200 | 74400 |

വാടക കുടിശ്ശിക ഈടാക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/22.02.22) കെട്ടിടങ്ങൾ III(5), മിനി സ്റ്റോൾ 13, IV(11), V(14) എന്നിവയിൽ നിന്നും തുക ഈടാക്കുന്നതിന് ആർ ആർ നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും IV(2), IV(5) എന്നീ മുറികൾ ലേലം പിടിച്ചെങ്കിലും കരാർ വയ്ക്കുന്നതിനു മുമ്പേ മുറികൾ ഒഴിവായെന്നും IV(2), IV(5), IV(11) എന്നീ മുറികളുടെ ഇ എം ഡി തുകയായ 50000/- രൂപ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ആർ ആർ നടപടികൾ പൂർത്തീകരിച്ച് തുക പലിശ സഹിതം ഈടാക്കി വിവരം

അറിയിക്കേണ്ടതാണ്.

## 1-17 വക്കീൽ ഫീസ്- അധിക തുക നൽകി

സഉ(കൈ)നം.36/16/തസ്വഭവ തീയതി 18.02.2016 പ്രകാരം നിലവിലുള്ള കേസുകൾക്ക് കേസൊന്നിന് അനുവദിക്കാവുന്ന പരമാവധി വക്കീൽ ഫീസ് 15000 രൂപയാണ്. 15000/- രൂപയിൽ കൂടുതൽ ചെലവഴിക്കുന്നതിന് വകുപ്പാദ്ധ്യക്ഷന്റെ അനുമതി ആവശ്യമാണ്. എന്നാൽ WP(C) 27138/17 നമ്പർ കേസുമായി ബന്ധപ്പെട്ട് അഡ്വ.ലിജി ജെ വടക്കേടത്തിന് ചുവടെ ചേർത്തിട്ടുള്ള പ്രകാരം 25000/- രൂപ നൽകിയിട്ടുള്ളതായി കാണുന്നു.

| വൗച്ചർ നമ്പർ | ചെക്ക് നം/തീയതി | തുക |
|---|---|---|
| 21900106 | 341908/08.05.2019 | 10000 |
| 21900948 | 343960/24.12.2019 | 15000 |
| | ആകെ | 25000 |

ഗ്രാമ പഞ്ചായത്ത് തലത്തിൽ അനുവദനീയമായ പരമാവധി വക്കീൽ ഫീസ് 15000/- രൂപയാണ് എന്നിരിക്കെ മേൽപ്പറഞ്ഞ കേസിന് 25000/- രൂപ നൽകിയതിന് വിശദീകരണം ആരാഞ്ഞു നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നത് വരെ അധികമായി നൽകിയ 10000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | നിക്ഷേപിച്ച തുക | ബിൽനമ്പർ /ചെക്ക് നം. തീയതി | നിക്ഷേപിച്ച ഏജൻസി |
|---|---|---|---|---|
| 1 | 437/20 വിവിധ വാർഡുകളിലെ റോഡിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റുന്നത് സംബന്ധിച്ച് | 56588/രൂപ<br>പഴയ മുണ്ടക്കയം- വാർഡ്4/ 18140 U.C ലഭിച്ചു. വാർഡ്20- മംഗലംപറമ്പ്- കൊച്ചിപ്പടി ഭാഗം 38448/ U.C. ലഭ്യമായില്ല. | ചെക്ക് നം.343996/ 21.01.20 | ഇലക്ട്രിസിറ്റി ബോർഡ് |
| 2 | 369/20 ശ്രാമ്പി കോളനി കുഴൽ കിണർ നിർമ്മാണം- വാർഡ്-19 | 83460/രൂപ | 19/19-20/ 17.10.19 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |

| | | | | |
|---|---|---|---|---|
| 3 | 230/20 മുളങ്കുന്ന് ശാവത്പള്ളി റോഡ്കുഴൽ കിണർ നിർമ്മാണം വാർഡ് 14 | 90000/രൂപ | 22/19-20/ 16.01.20 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |

വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/26.2.22 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 211908/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 അസിസ്ററൻ്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച

2019-20 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വയ്ക്കാൻ നിർദ്ദേശിച്ചിരുന്ന തീയതിക്കകം കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം/ പദ്ധതി | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് നം | തീയതി | കരാർ വയ്ക്കേണ്ട അവസാന തീയതി | കരാർ തീയതി | പി.എ.സി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|
| 315/20 ഹോമിയോ ഡിസ്പെൻസറി നിർമ്മാണം | ജിജോ മാത്യു | 253/എ.ഇ /എൽ.എസ്.ജി.ഡി /എം.ജി.പി | 19.01.2019 | 02.02.2019 | 14.02.2019 | 9,49,870.69/- | 9498/- |
| 263/20പുത്തൻ ചന്ത നടപ്പാത കോൺക്രീറ്റിങ്ങ് | ജോമി മാത്യു | 154/എ.ഇ /എൽ.എസ്.ജി.ഡി /എം.ജി.പി/18-19 | 24.08.18 | 17/09/18 | 11.10.2018 | 351442.26 | 3514/- |
| ആകെ | | | | | | | 13012/- |

നിയമാനുസൃതമുള്ള പിഴയായ പി.എ.സി തുകയുടെ 1% ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ബാല സഭ നടത്തിപ്പിനായി നൽകിയ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു.

ബാല സഭ നടത്തിപ്പിനായി നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി നൽകിയ തുക രൂ 25000/-(ബിൽ നം 12/19-20 തീയതി 19.10.2019) വിനിയോഗിക്കാതെ സി.ഡി.എസിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നു. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഒടുക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം.5/19-20) ന് മറുപടിയായി ഈ തുക 24.2.22 ൽ കെ എൽ ഒ 24844416202122എം നം ചെല്ലാൻ പ്രകാരം മുണ്ടക്കയം സബ് ട്രഷറിയിൽ ഒടുക്കിയതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-21 വീട് വാസയോഗ്യമാക്കൽ (എസ്.സി) പ്രോജക്ട് സംബന്ധിച്ച്

2019-20 സാമ്പത്തിക വർഷം വി.ഇ.ഒ. നടപ്പാക്കിയ നമ്പർ 191/20 വീട് വാസയോഗ്യമാക്കൽ (എസ്.സി) എന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ട് എസ്. സി. പി. യിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം 4800000/രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചില ആപാകതകൾ കാണുന്നു. സർക്കുലർ നമ്പർ ഡി.എ.1/881/2018- തീയതി 26.12.18 പ്രകാരം പുതിയ വീട് നിർമ്മിച്ച് 8 വർഷമെങ്കിലും

കഴിഞ്ഞവർക്കാണ് ഭവനപുനരുദ്ധാരണത്തിന് ധനസഹായത്തിന് അർഹതയുള്ളത്. ശ്രീമതി. സുനിരാജു, പൂതക്കുഴിയിൽ, ഇഞ്ചിയാനി എന്ന ഗുണഭോക്താവ് പട്ടികജാതി വകുപ്പിൽ നിന്നും ഹാജരാക്കിയ കെ-572/ തീയതി 27.8.19 നമ്പർ സാക്ഷ്യപത്രം പ്രകാരം ഗുണഭോക്താവിന് 2011-12 വർഷം ഭവനനിർമ്മാണത്തിന് 200000/ രൂപ അനുവദിച്ചിരുന്നു എന്നും, ഇതിന്റെ അവസാന ഗഡു കൈപ്പറ്റിയത് 15.06.12 ലാണ് എന്നും വ്യക്തമാക്കിയിരുന്നു. ഇത് പ്രകാരം ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ട് 8 വർഷം പൂർത്തീകരിച്ചിട്ടില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/23.2.22 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവിന് പട്ടികജാതി വകുപ്പിൽ നിന്നും ലഭ്യമായ തുക ഉപയോഗിച്ച് വീട് നിർമ്മാണം പൂർത്തീകരിച്ചിരുന്നില്ല എന്നും വീടിന്റെ ജീർണ്ണാവസ്ഥ ബോദ്ധ്യപ്പെട്ടതിനാലാണ് തുക അനുവദിച്ചത് എന്നാണ് അറിയിച്ചത്. സർക്കാർ ധനസഹായം വാങ്ങി പൂർത്തീകരിക്കാതെ കിടക്കുന്ന ഭവനനിർമ്മാണങ്ങൾ ലൈഫ് ഭവനപദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുകയാണ് ചെയ്യേണ്ടിയിരുന്നത്. പുനരുദ്ധാരണം നടത്തിയ എല്ലാ ഫയലുകളിലും എൽ.എസ്.ജി.ഡി. വിഭാഗം ഓവർസീയർ തയ്യാറാക്കി നൽകിയിട്ടുള്ള മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ തുക ചെലവഴിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതൊക്കെ ഇനം വർക്കുകൾ ഏതൊക്കെ അളവിൽ ചെയ്തു എന്ന് രേഖപ്പെടുത്തി ഡീറ്റെയിൽഡ് വാല്വേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഡീറ്റെയിൽഡ് വാല്വേഷൻ നടത്തുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. അഡ്വാൻസ് നൽകിയ തുക സംബന്ധിച്ച വിവരമോ, ബിൽ വിശദാംശങ്ങളോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ തുടർ വർഷങ്ങളിൽ പരിഹരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-22 പശുവളർത്തൽ പ്രോജക്ട്- അപാകതകൾ

2019-20 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പശുവളർത്തൽ പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ-169/20) വികസനഫണ്ടിൽ നിന്നും 1045000/ രൂപ പിൻവലിച്ച് 38 ഗുണഭോക്താക്കൾക്ക് 27500/രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഏതാനും ഗുണഭോക്താക്കൾ പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ വിവരം ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/23.02.2022ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കി. ഇതിൽ സൂസമ്മ ഇമ്മാനുവേൽ, പാലക്കാപ്പറമ്പിൽ എന്നയാളുടെ പശുവിന് ക്ലെയിം ആവശ്യമായി വന്നതിനാൽ പോളിസ് സറണ്ടർ ചെയ്തിരുന്നു എന്നാണ് ലഭിച്ച മറുപടി. വികസനഫണ്ട് ഉപയോഗിച്ച് വാങ്ങിയ പശു മരണപ്പെട്ടുപോയാൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഇൻഷ്വറൻസ് തുക ലഭ്യമാക്കി മറ്റൊരു പശുവിനെ വാങ്ങി നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ 5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. ഈ സമിതിയുടെ ചെയർമാൻ ജനപ്രതിനിധിയും, കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനുമായിരിക്കണം. എന്നാൽ ഇപ്രകാരമല്ല വാങ്ങൽ നടത്തുന്നത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2019-20 | 17.06.2020 | 18.02.2022 |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 19.03.20 | 299631 | 206/19-20, മെഡി ഹോം പാലിയേറ്റീവ് കെയർ പദ്ധതി | 299631 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 11.11.19 | 81995 | 16/19-20, നെന്മേനി 15 ഏക്കർ വെട്ടകല്ലാംകുഴി റോഡ് മുകൾ ഭാഗം കോൺക്രീറ്റിംഗ് വാർഡ് 1 | 81995 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 08.11.19 | 33405 | 81/19-20, പുഞ്ചവയൽ ആനിക്കുന്ന് പശ്ചിമ റോഡ് കോൺക്രീറ്റിംഗ് വാർഡ് 10 | 33405 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 25.03.20 | 94629 | 82/19-20, മൂന്നോലി പശ്ചിമ ടോപ്പ് അമ്പലം റോഡ് കോൺക്രീറ്റിംഗ് വാർഡ് 10 | 94629 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 04.02.20 | 84636 | 91/19-20, പാക്കാനം കുളമാക്കൽ | 84636 | 0 |

| | | | | | |
|---|---|---|---|---|---|
| | | | റോഡ് പുനരുദ്ധാരണം വാർഡ് 11 | | |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 25.03.20 | 85821 | 106/19-20, മഞ്ഞനാംകുഴി അംഗൻവാടി റോഡ് സംരക്ഷണഭിത്തി വാർഡ് 13 | 85821 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 21.01.20 | 100000 | 108/19-20, പുലിക്കുന്ന് കുളമാക്കൽ റോഡ് പുനരുദ്ധാരണം വാർഡ് 14 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 11.11.19 | 125453 | 136/19-20, കരടിമല അഞ്ചോക്കർ റോഡ് കോൺക്രീറ്റിംഗ് വാർഡ് 19 | 125453 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 21.01.20 | 400000 | 294/19-20, മുറികല്ലുംപുറം കോളനി റോഡ് പുനരുദ്ധാരണം വാർഡ് 3 | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 13.02.20 | 200000 | 205/19-20, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 24.12.19 | 150011 | 183/19-20, പഠനോപകരണ വിതരണം - എസ് സി പി | 150011 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 28.03.20 | 850000 | 246/19-20, ലൈഫ് ഭവന പദ്ധതി ജനറൽ | 850000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 20.03.20 | 396286 | 171/19-20, ശാരീരിക മാനസിക | 396286 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | ആകെ | 2901867 | | 2901867 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 06.02.20<br>18.03.20 | 470000<br>400000 | 246/20-21, ലൈഫ് ഭവന പദ്ധതി ജനറൽ | 870000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 14.01.20 | 320000 | 171/19-20, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 320000 | 0 |
| | ആകെ | 1190000 | | 1190000 | 0 |

4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, മുണ്ടക്കയം | 437/19-20 വിവിധ വാർഡുകളിലെ റോഡിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റുന്നത് | 343996/ 21.01.20 | 56588 | 18140 | 38448 |
| | 231/19-20 21-ാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | 23/19-20 18.01.20<br>343998 23.01.20 | 200000<br>50614 | 250614 | 0 |
| | 441/19-20 മുണ്ടമറ്റം കുടിവെള്ള പദ്ധതിക്ക് | 344295 15.02.20 | 226135 | 226135 | 0 |

| | | | | | |
|---|---|---|---|---|---|
| | ത്രീഫേസ് മെയിൻ വലിയ്ക്കൽ | | | | |
| | 364/19-20 സ്ലീറ്റ് മെയിൻ വലിയ്ക്കൽ ശബരിമല | 686805652 10.02.20 | 466541 | 466541 | 0 |
| ഭൂജല വകുപ്പ്, കോട്ടയം | 369/19-20 ശ്രാമ്പി കോളനി കുഴൽ കിണർ നിർമ്മാണം-വാർഡ്-19 | 19/19-20 17.10.19 | 83460 | 0 | 83460 |
| | 230/19-20 മുളങ്കുന്ന് ശാവത്പള്ളി റോഡ്കുഴൽ കിണർ നിർമ്മാണം വാർഡ് 14 | 22/19-20 16.01.20 | 90000 | 0 | 90000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിലുള്ള വരവിന്റെയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ആർ.ഡി.ബി | 1588/10 തീ യതി 13.05.2010 | 639644 | 0 | 426424 | _ | 213220 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം എസ്) 68/18, 18.5.18 | 21530308 | 3180000 | 2058823 | - | 22651485 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20529416 |
| തൻവർഷം നിക്ഷേപിച്ച തുക | 11753338 |

| | |
|---|---|
| ആകെ | 32282754 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 32282754 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കണ്ണിമല എസ്.സി.ബി. (എഫ് ഡി 1) നം. 5700 | 1282756 |
| കണ്ണിമല എസ്.സി.ബി. (എഫ് ഡി 2) നം. 5974 | 1281360 |
| എസ്.ബി.റ്റി, പുഞ്ചവയൽ (എഫ് ഡി 3) നം. 67177241448 | 1730156 |
| എസ്.സി.ബി, മുണ്ടക്കയം (എഫ് ഡി 4) നം. 2659 | 1592565 |
| എസ്.ബി.റ്റി, പുഞ്ചവയൽ (എഫ് ഡി 5) നം. 67197018324 | 2416405 |
| കണ്ണിമല എസ്.സി.ബി (എഫ് ഡി 6) നം. 11508 | 849170 |
| എസ്.സി.ബി, മുണ്ടക്കയം (എഫ് ഡി 7) നം. 1445/12 | 761573 |
| എസ്.സി.ബി, ഇഞ്ചിയാനി (എഫ് ഡി 8) നം. 7424 | 1802930 |
| എസ്.ബി.റ്റി, മുണ്ടക്കയം (എഫ് ഡി 9) നം. 67213885938 | 1596816 |
| യൂണിയൻ ബാങ്ക് മുണ്ടക്കയം (എഫ് ഡി 10) നം. 245622 | 1727013 |
| എസ്.ബി.റ്റി, പുഞ്ചവയൽ (എഫ് ഡി 11) നം. 67218449011 | 3998986 |
| ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് (എഫ് ഡി 12) നം. 0502018067204251 | 2000000 |
| എസ്.സി.ബി, ഇഞ്ചിയാനി (എഫ് ഡി 13) നം. 7758 | 843024 |
| എസ്.സി.ബി, മുണ്ടക്കയം (എഫ് ഡി 14) നം. 1101/19 | 5000000 |
| എസ്.സി.ബി, മുണ്ടക്കയം (എഫ് ഡി 15) നം. 1102/19 | 5400000 |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| 2017-18 | 3-1 | 2100 | വത്സമ്മ തോമസ് | 119020100030 / 02.04.19 |
| 2017-18 | 3-1 | 2100 | വത്സമ്മ തോമസ് | 119020100749 / 03.05.19 |
| 2017-18 | 3-1 | 2100 | വത്സമ്മ തോമസ് | 119020102209 / 03.06.19 |
| 2017-18 | 3-1 | 2100 | വത്സമ്മ തോമസ് | 119020102932 / 04.07.19 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | 17 | 2000-01 | lv-1-29(ബി) | അങ്കണവാടികൾക്ക് കെട്ടിടം പണിയൽ-ധനദുർവിനിയോഗം | നിയമസഭാസമിതി നിർദേശപ്രകാരം തുക തട്ടിക്കിഴിക്കാനാവുമോ എന്ന് പരിശോധിക്കുന്നതിലേക്ക്, നിർമ്മിച്ച കെട്ടിട ഭാഗങ്ങളുടെ എസ്റ്റിമേറ്റ് എടുക്കാൻ എൻജിനീയറെ ചുമതലപ്പെടുത്തി. |
| 1997-98 ചെലവ് | 6 | 2000-01 | lv-29 (എ) | മലിനജല കനാൽ വൃത്തിയാക്കൽ-വേലക്കൂലി നൽകൽ | തുക തിരികെയൊടുക്കിയത് ബഹു. നിയമസഭാ സമിതിയെ ബോദ്ധ്യപ്പെടുത്തി. |
| പൊതുപരാമർശം | | 2011-12 | 3-1-23 | കാർഷികപദ്ധതികളും കൃഷിഭവനും – പ്രവർത്തനാവലോകനം. | 17-6-15 ലെ തെളിവെടുപ്പു യോഗത്തിൽ സെക്രട്ടറി കൃഷി ഓഫീസർ എന്നിവർ റിപ്പോർട്ട് നല്കി. |
| പൊതുപരാമർശം | | 2011-12 | 3-1-6 | കൃഷിഭവനിലെ ഭൗതികസാഹചര്യം എന്ന പരാമർശം. | 27.5.15 ലെ തെളിവെടുപ്പു യോഗത്തിൽ റിപ്പോർട്ടു നല്കി. |
| 2009-10, 2010-11 | | 2011-12 | 3-1-19 | ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ | 27.5.15 ലെ തെളിവെടുപ്പു യോഗത്തിൽ റിപ്പോർട്ട് നല്കി. |
| 2004-05 ചെലവ് | 2-12 | 2006-07 | 3-32-1 | കേന്ദ്രാവിഷ്കൃത പദ്ധതി, എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ ദുർവിനിയോഗം. | വിജിലൻസ് കേസ് നിലനിൽക്കുന്നു. |
| 1999-2000 | 67,68 | 2002-03 | VII-5-5-1 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം -ഉയർന്ന നിരക്കിൽ സാധനം വാങ്ങിയതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് 40960/- രൂപ ഈടാക്കി. ബാക്കി തുക ഈടാക്കുന്നതിന് |

| | | | | | |
|---|---|---|---|---|---|
| | | | | | അസിസ്റ്റന്റ് എൻജിനീയർക്ക് നോട്ടീസ് നല്കി. |
| 99-2000,00-01,01-02 ജനകീയാസൂത്രണം. | 2-8 | 2004-05 | 3-5-1-4-2 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിലെ അപാകത | ഫയൽ എന്നിവ എം.ബുക്ക്, ഹാജരാക്കി തടസ്സം ഒഴിവാക്കണമെന്ന് അസിസ്റ്റന്റ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. |

## 4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : 197617120.06 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 136321010.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 221908 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 10000 | ശ്രീമതി.ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി |
| 1-18 | 211908 | ശ്രീമതി.ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി |
| ആകെ | 221908 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-12, 1-13, 1-14, 1-15

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

വ്യക്തമായ നഷ്ടം ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 96-97(വരവ്) | കെഎസ്എ.കെടിഎം.പി 13/1613/16/ 12.06.17 | 1 |
| 97-98(വരവ്) | കെഎസ്എ.കെടിഎം.പി13/1611/16/ 12.06.17 | 1 |
| 97-98(ചെലവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(1)/18/03.03.18 | 5 |
| 98-99(ചെലവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(2)/18/28.02.18 | 2 |
| 98-99 (വരവ്) | കെഎസ്എ.കെടിഎം.പി13/1606/ 16/12.06.17 | 1 |
| 99-2000 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(3)/ 18/28.02.18 | 29 |
| 2000-01 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(4)/18/28.02.18 | 5 |
| 2001-02 | എൽ.എഫ്.കെ.പി.9/1044 /08/30.6.09 | 11 |
| 2000-01&01-02 ജനകീയാസൂത്രണം | കെഎസ്എ.കെടിഎം.പി-13/1604/16/ 22.01.18 | 11 |
| 2002-03(വരവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(5)/ 18/28.02.18 | 2 |
| 2002-03(ചെലവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(6)/18/28.02.18 | 2 |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി9/81/07/06.11.07 | 33 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി9/1046 /08/06.07.09/ 08.09.09 | 11 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി9/827/08/3.3.10 | 23 |
| 2004-05(ചെലവ്) | എൽ.എഫ്.കെ.പി.1/190 /അദാ./ഇ4/23.2.11 | 4 |
| 2005-06 | എൽ.എഫ്.കെ.പി9/1027 /10/26.11.10 | 14 |
| 2006-07 | എൽ.എഫ്.കെ.പി9/552/14.5.12 | 19 |
| 2007-08 | എൽ.എഫ്.കെ.പി13/530 /13/13.6.13 | - |
| 2008-09 | എൽ.എഫ്.കെ.പി13/530(1) /13/15.6.13 | 11 |
| 2009-10 | എൽ.എഫ്.കെ.പി.13/530(2) /13/15.6.13 | - |
| 10-11&11-12 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(7)/18/28.02.18 | 10 |

| | | |
|---|---|---|
| 2012-13 | കെ.എസ്.എ-<br>കെ.ടി.എം.പി.13/1609/16/ 07.6.17 | 11 |
| 2013-14 | കെ.എസ്.എ-<br>കെ.ടി.എം.പി.13/537/ 16/21.02.16 | 10 |
| 2014-15 | കെ.എസ്.എ-<br>കെ.ടി.എം.പി.13/1456/16/ 30.05.17 | 11 |
| 2015-16 | കെ.എസ്.എ-<br>കെ.ടി.എം.പി.13/974/ 17/16.08.17 | 19 |
| 2016-17 | കെ.എസ്.എ-<br>കെ.ടി.എം.പി.11/1422/ 17/25.1.18 | 26 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.11/190<br>/2019/ 4.02.19/7.2.19 | 28 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.11/1956<br>/2020/ 17.09.2020 | 44 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്